**പുറത്തെഴുത്ത് കത്ത് നം. എച്ച്(3)/45849/16/ഡി.പി.ഐ.**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 7/04/18.

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

സ്വീകർത്താവ്:

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., സീമാറ്റ്, എസ്.എസ്.എ. & ആർ.എം.എസ്.എ.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും & ജില്ലാ ഉപജില്ലാ ഓഫീസർമാർക്കും.
3. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.

പകർപ്പ്:

1. എക്സി. ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ് പൂജപ്പുര.
   (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും.

Js 08/03

18645

**കേരളസർക്കാർ**

സംഗ്രഹം

5 MAR 2018
THIRUVANANTHAPURAM

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് 02.11.2017-ൽ ചേർന്ന ഔദ്യോഗികഭാഷാ ഉന്നതതലസമിതിയുടെ തീരുമാനം - ജില്ലാതലഔദ്യോഗികഭാഷാ ഏകോപനസമിതി പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

**സ.ഉ.(സാധാ) നം.78/2018/ഉഭപവ. തിരുവനന്തപുരം, തീയതി, 14.02.2018**

പരാമർശം:-1. സ.ഉ(കൈയെഴുത്ത്) നം. 03/2017/ഉ.ഭ.പ.വ തീയതി 23.01.2017.
2. 02.11.2017-ൽ ചേർന്ന ഔദ്യോഗികഭാഷാ ഉന്നതതലസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി പരാമർശം(1)-ലെ സർക്കാരുത്തരവ് പ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഔദ്യോഗികഭാഷാഏകോപനസമിതികൾ രൂപവൽക്കരിച്ചിരുന്നു.

2. ഔദ്യോഗികഭാഷാ ഉന്നതതലസമിതിയുടെ 02.11.2017-ൽചേർന്ന യോഗത്തിൽ ജില്ലാതല ഏകോപനസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്ഥലം എം.എൽ.എയും ജില്ലാ പഞ്ചായത്തിലെ രണ്ടു പ്രതിനിധികളെയും ഔദ്യോഗികഭാഷാവകുപ്പ് പ്രതിനിധി(നിരീക്ഷകൻ)യെയും ഉൾപ്പെടുത്തി ജില്ലാതല ഔദ്യോഗികഭാഷാ ഏകോപനസമിതി പുന:സംഘടിപ്പിക്കണമെന്ന് യോഗം തീരുമാനിക്കുകയുണ്ടായി.

1/3

3. മേൽ സാഹചര്യത്തിൽ ജില്ലാതല ഔദ്യോഗികഭാഷാ ഏകോപനസമിതിയിൽ സ്ഥലം എം.എൽ.എ, ജില്ലാ പഞ്ചായത്തിലെ രണ്ടു പ്രതിനിധികൾ, ഔദ്യോഗികഭാഷാവകുപ്പ് പ്രതിനിധി (ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി / ഭാഷാവിദഗ്ധൻ) (നിരീക്ഷകൻ) എന്നിവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതലഔദ്യോഗികഭാഷാ ഏകോപനസമിതി പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലാതല ഔദ്യോഗികഭാഷാ ഏകോപനസമിതി സമ്മേളിക്കുന്ന തീയതി, സ്ഥലം, സമയം എന്നിവ രണ്ടാഴ്ച്ച മുമ്പ് ബന്ധപ്പെട്ട അംഗങ്ങളെ അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.ഒ.സൂരജ്**
**സെക്രട്ടറി**

ബഹു.മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി.
ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി (ആമുഖകത്ത് സഹിതം).
നിയമസഭാ സെക്രട്ടറി.(ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
ഉന്നതതലസമിതിയിലെ അംഗങ്ങൾക്ക്.
വകുപ്പുതല മേധാവികൾ.
ജില്ലാ കളക്ടർമാർ
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്(പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

23733

**കേരള സർക്കാർ**

**(സംഗ്രഹം)**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - വിവിധ സർക്കാർവകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷാരീതിയിലായിരിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ(കൈ) നമ്പർ. 8/2018/ഉഭപവ    തിരുവനന്തപുരം, തീയതി 06/03/2018

പരാമർശം:- 1. 13.01.2015-ലെ സ.ഉ (അച്ചടി) നം. 2/2015/ഉഭപവ നമ്പർ വിജ്ഞാപനം.
2. 13/01/2015-ലെ സ.ഉ (അച്ചടി) നം. 3/2015/ഉഭപവ നമ്പർ വിജ്ഞാപനം
3. 26.04.2017-ലെ സ.ഉ.(അച്ചടി)നം.6/2017/ഉഭപവ, നമ്പർ ഉത്തരവ്,

**ഉത്തരവ്**

സംസ്ഥാനത്ത് പൂർണ്ണമായും ഭരണഭാഷ മലയാളമാക്കുക എന്നതാണ് സർക്കാർനയം. കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് പരാമർശം (1), (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മെയ് 1 മുതൽ മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നത് നിർബന്ധമാക്കിയും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് നൽകിവരുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ഇംഗ്ലീഷിലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട് വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷാരീതിയിലായിരിക്കണമെന്ന് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി അതത് വകുപ്പുകളുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**ടി.ഒ.സൂരജ്**
**സെക്രട്ടറി**

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം,
നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ/
സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & മീഡിയ വിഭാഗം/
പ്രസ് റിലീസ് വിഭാഗം) വകുപ്പ്
പ്രിന്റിംഗ്&സ്റ്റേഷനറി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ